പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1182 **15-10-2026-ൽ മറുപടിയ്ക്ക്**

<u>ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഉണ്ടായ വീഴ്ചകൾ</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>

ശ്രീ. മഞ്ഞളാംകുഴി അലി

<u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) ന്യൂനപക്ഷ ക്ഷേമ പദ്ധതികൾക്ക് മതിയായ തുക വകയിരുത്താതെയും വകയിരുത്തിയ തുക വെട്ടിക്കുറച്ചും തുക പൂർണമായും ചെലവഴിക്കാതെയും പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിൽ മുൻ സർക്കാർ വീഴ്ച വരുത്തിയതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വകയിരുത്തലിന്റെയും ചെലവഴിക്കാതെ ബാക്കിയായ തുകയുടെയും വിശദാംശം സഹിതം മുൻ സർക്കാരിന്റെ വീഴ്ചകൾ വ്യക്തമാക്കാമോ;

<u>മറുപടി:</u> ഉണ്ട്.

2024-25 സാമ്പത്തിക വർഷത്തിലെ സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായി നടപ്പിലാക്കിയ മുൻഗണനാ ക്രമീകരണങ്ങളിൽ ന്യൂനപക്ഷക്ഷേമ വകുപ്പിന്റെയും പദ്ധതി വിഹിതം 50% ആയി നിജപ്പെടുത്തുകയും പുതിയ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കാൻ നിർദ്ദേശിക്കുകയും അത് പ്രകാരം ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പുതിയ പദ്ധതി നിർദ്ദേശങ്ങൾ സർക്കാർ പരിശോധിക്കുകയും തുടർന്ന്, 14.02.2025-ലെ സ.ഉ.(സാധാ)നം.676/2025/പൊ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന സ്കോളർഷിപ്പ് പദ്ധതികളെ Plan Prioritization പരിധിയിൽനിന്ന് ഒഴിവാക്കുകയും പദ്ധതി വിഹിതം 100% ആയി പുനഃസ്ഥാപിക്കുകയും ചെയ്തിരുന്നു.

ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ ബജറ്റ് വിഹിതത്തിന്റെയും ചെലവിന്റെയും സാമ്പത്തിക വർഷം തിരിച്ചുള്ളവിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	ബജറ്റ് വിഹിതം (സംസ്ഥാനം)	ബജറ്റ് വിഹിതം (കേന്ദ്രം)	ആകെ ബജറ്റ് വിഹിതം	ചെലവ് (സംസ്ഥാനം)	ചെലവ് (കേന്ദ്രം)	ആകെ ചെലവ്
2021-22	7122	5281	12403	5597	5280	10877
2022-23	5201	2400	7601	2747	389	3136
2023-24	5201	2400	7601	1995	0	1995

2024-25	7419	2400	9819	4244	0	4244
2025-26	8163	2400	10563	4661	0	4661

പദ്ധതികൾ കൂടുതൽ ഫലപ്രദമായും സമയബന്ധിതമായും നടഷിലാക്കാൻ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇത്തരം വീഴ്ചകൾ ആവർത്തിയ്ക്കാതിരിക്കാനും ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ